LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ ഡി. ടി. പി. സി. നടപ്പാക്കുന്ന പദ്ധതികൾ

77 [6043] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൻ കീഴിൽ ജില്ലയിലെ വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികളിൽ പൂർത്തിയായവ ഏതെല്ലാം;

(ബി) ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതൊക്കെ; അവയുടെ നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കിള്ളിയാർ സൗന്ദര്യവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ജില്ലയിൽ പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) (1) വേളി നീന്തൽക്കുളം
(2) കാപ്പിൽ ബോട്ട് ക്ലബ്ബ്
(3) കാപ്പിൽ സ്നാക്ക് ബാർ
(4) അരുവിക്കര സ്നാക്ക് ബാർ
(5) ആക്കുളത്തെ സംഗീതജലധാര
(6) നെയ്യാർ ഡാം ബോട്ടുക്ലബ്ബ് പുനഃരുദ്ധാരണം
(7) വർക്കല മാസ്റ്റർ പ്ലാൻ

(ബി) ആക്കുളത്തെ കൃത്രിമ വെള്ളച്ചാട്ടം, വൈദ്യുതി അലങ്കാരം, കല്ലാറിലെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) തിരുവനന്തപുരം ഡി. ടി. പി. സി.-യുടെ ആഭിമുഖ്യത്തിൽ കടലുകാണി പാറവികസനം, പൂവാർ ടൂറിസ്റ്റ് കേന്ദ്രം, കഠിനംകുളം പ്രദേശത്തിന്റെ വികസനം എന്നിവ ഉദ്ദേശിക്കുന്നു.

കിഴക്കേകോട്ടയുടെ സൗന്ദര്യവൽക്കരണം

78 [6044] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ടയുടെ സൗന്ദര്യവൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നതെന്ന് വിശദീകരിക്കുമോ;

(ബി) പുതിയ വികസനപ്രവൃത്തികൾമൂലം മഹാത്മാഗാന്ധി പ്രതിമയെ മറയ്ക്കുക വഴി പ്രസ്തുത പ്രതിമയുടെ പ്രാധാന്യം കുറയുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗാന്ധിപാർക്കിൽ പൊതുസമ്മേളനങ്ങൾ നടത്തുന്നതിന് ഈ പ്രവർത്തനങ്ങൾ തടസ്സം സൃഷ്ടിക്കുമോ?

ഉത്തരം

(എ) (1) ഗാന്ധിപാർക്കിന്റെ പുനരുദ്ധാരണം .. 108 ലക്ഷം

(2) കിഴക്കേകോട്ടയുടെ പുനരുദ്ധാരണം .. 400 ലക്ഷം

(3) ഗാന്ധിപാർക്കിന് ചുറ്റുമുള്ള റോഡുകളുടെ നവീകരണം.. 55 ലക്ഷം

(ബി, സി) ഇല്ല.

ആദിവാസി കുടുംബങ്ങൾക്ക് നിർമ്മിച്ചു നൽകിയ വീടുകൾ

79 [6049] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ ആദിവാസി കുടുംബങ്ങൾക്ക് വിവിധ സർക്കാരുകൾ 1996 വരെ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്;

(ബി) 1996 മുതൽ 2001 വരെയുള്ള മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ നിർമ്മിച്ചു നൽകിയ വീടുകളുടെ എണ്ണം എത്രയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം എത്ര വീടുകളാണ് ഇതേവരെ നിർമ്മിച്ചുകൊടുത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1378 (ആയിരത്തി മുന്നൂറ്റി എഴുപത്തിയെട്ട്)

(ബി) 920 (തൊള്ളായിരത്തി ഇരുപത്)

(സി) 220 (ഇരുന്നൂറ്റി ഇരുപത്)

ആദിവാസികൾക്ക് നൽകിയ ഭവന നിർമ്മാണ ധനസഹായം

80 [6050] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly